**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6419** **10-07-2024 - ൽ മറുപടിയ്ക്ക്**

**ഫിലിം ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ എം മുകേഷ് ,<br>ശ്രീമതി ദലീമ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ ഫിലിം ടൂറിസം പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ടൂറിസം വകുപ്പ് വഴി "ഫിലിം ടൂറിസം" പദ്ധതി സർക്കാർ രൂപം നൽകിയിട്ടുണ്ട്. സിനിമാ ടൂറിസം എന്ന ആശയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ആദ്യ ഘട്ടം എന്ന നിലയ്ക്ക് “കിരീടം” എന്ന പ്രശസ്തമായ മലയാള സിനിമയുടെ പ്രധാന ലൊക്കേഷനായ (വെള്ളായണി, തിരുവനന്തപുരം) കിരീടം പാലവും പരിസരവും നവീകരിക്കുന്നതിനും, കിരീടം സിനിമയുടെ ഗൃഹാതുരത്വം വിളിച്ചോതുന്ന സാഹചര്യമൊരുക്കുന്നതിനും, ഈ സിനിമാ ലൊക്കേഷനിൽ എത്തിച്ചേരുന്ന വിനോദസഞ്ചാരികൾക്ക് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനുമായി Rs.1,22,50,000/- രൂപയുടെ ഒരു പദ്ധതിക്ക് സർക്കാർ ഉത്തരവ് നം. GO (Rt) No. 541/2023/TSM dated-14/10/2023 പ്രകാരം ഭരണാനുമതി നൽകിയിട്ടുള്ളതാണ്. നിലവിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ടൂറിസം വകുപ്പ് സ്വീകരിച്ചു വരുന്നു.<br><br>സിനിമാ ടൂറിസം എന്ന പദ്ധതി കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ 2023 -24 വർഷത്തെ പുതിയ പദ്ധതികളിൽ ഉൾപ്പെടുത്തിയിരുന്നു. ഇതിന്റെ ഭാഗമായി 2023 ഒക്ടോബർ 29ന് ഹൈദരാബാദിൽ നടന്ന പൈതൃകോൽസവത്തിന്റെ ഭാഗമായി ചലച്ചിത്ര അക്കാദമി സെമിനാർ സംഘടിപ്പിക്കുകയുണ്ടായി. |
| (ബി) | ഇതുവഴി സാംസ്കാരിക മേഖലയിലും ടൂറിസം മേഖലയിലും എന്തെല്ലാം നേട്ടങ്ങൾ ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കുമോ; | (ബി) | കേരളത്തിൽ എമ്പാടും വ്യാപിച്ചു കിടക്കുന്ന വിവിധ സിനിമാ ലൊക്കേഷനുകളെ ഏകോപിപ്പിച്ചു വിനോദ സഞ്ചാരികളെ ആകർഷിക്കുവാൻ സാധിക്കും എന്നത് മുന്നിൽ കണ്ടുകൊണ്ട് ഓരോ സിനിമാ ലൊക്കേഷനുകളിലും നിർമ്മിച്ച സിനിമകൾ, അഭിനേതാക്കൾ, അംഗീകാരങ്ങൾ എന്നിവ |

| | | | |
|---|---|---|---|
| | | | വിനോദസഞ്ചാരികൾക്ക് ഓഡിയോ-വീഡിയോ അവതാരങ്ങളിലൂടെ വിശദീകരിക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. ജനപ്രിയ സിനിമകൾ ചിത്രീകരിച്ച സിനിമാ ലോക്കേഷനുകൾ സന്ദർശന കേന്ദ്രങ്ങളായി ഉയർത്തുക വഴി ടൂറിസം സാദ്ധ്യതകൾ വർദ്ധിക്കുകയും, വിനോദസഞ്ചാര മേഖലയിൽ നിന്നുള്ള നികുതി വരുമാനം കൂട്ടാനും ലക്ഷ്യമിടുന്നു. സിനിമാ ലൊക്കേഷനുകളിൽ സഞ്ചാരികൾക്ക് താമസസൗകര്യം ഒരുക്കുന്നതും ടൂറിസം വകുപ്പിന്റെ പരിഗണനയിലുള്ളതാണ്. ഇത്തരത്തിൽ ഹിന്ദി, തമിഴ്, തെലുങ്ക്, തുടങ്ങിയ അന്യഭാഷാ ചിത്രങ്ങൾ മനോഹരമായി ചിത്രീകരിച്ച നിരവധി സിനിമാ ലൊക്കേഷനുകൾ കേരളത്തിലുണ്ട്. |
| (സി) | ഫിലിം ടൂറിസം പദ്ധതി വിപുലമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (സി) | ആദ്യ ഘട്ടമെന്ന നിലയിൽ കിരീടം സിനിമയുടെ പ്രധാന സിനിമാ ലൊക്കേഷനായി കിരീടം പാലവും പരിസരവുമാണ് ടൂറിസം വകുപ്പിന്റെ പരിഗണനയിലുള്ളത്. കൂടുതൽ സിനിമാ ലൊക്കേഷനുകൾ സിനിമാ ടൂറിസത്തിന്റെ ഭാഗമാകുന്നതും, വിപുലമാക്കുന്നതിനുമുള്ള പദ്ധതികൾ ഭാവിയിൽ പരിശോധിച്ച് നടപ്പാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ